# ആഭരണം ഭൂഷണമോ ?

ആഭരണം ധരിക്കുന്നതിൽ എന്താണ് തെററ്; ദൈവം പുറമേയുള്ളതല്ല മനുഷ്യൻെറ ഹൃദയമാണു നോക്കുന്നത് എന്നുള്ള ഒരു ചിന്താഗതി ആധുനിക ആത്മീക ഗോളത്തിൽ കടന്നു കൂടിയിരിക്കുന്നു. ഈ വിഷയം സംബന്ധിച്ച് വിശുദ്ധബൈബിൾ എന്തു പഠിപ്പിക്കുന്നു എന്നു പരിശോധിക്കാം.

"അങ്ങനെ അവർ തങ്ങളുടെ പക്കലുള്ള അന്യദേവന്മാരെ ഒക്കെയും കാതുകളിലെ കുണുക്കുകളേയും യാക്കോബിൻെറ പക്കൽ കൊടുത്തു; യാക്കോബ് അവയെ ശേഖേമിന്നരികെയുള്ള കരുവേലകത്തിൻ കീഴിൽ കുഴിച്ചിട്ടു". ഉല്പ. 35:4. യഹോവയെ ആരാധിക്കണമെന്നുള്ളവർ സകല വിഗ്രഹങ്ങളും ആഭരണങ്ങളും നീക്കിയേ മതിയാകു എന്ന് ഈ വാക്യം സ്പഷ്ടമായി പഠിപ്പിക്കുന്നു.

"അതുകൊണ്ടുള്ള ആഭരണങ്ങളുടെ ഭംഗി അവർ ഡംഭത്തിനായി പ്രയോഗിച്ചു". യെഹെ. 7:20 മനുഷ്യഹൃദയങ്ങളെ ശോധന ചെയ്യുന്ന ദൈവം വിധി എഴുതിയിരിക്കുകയാണ്. ആഭരണം ധരിക്കുന്നത് ഡംഭത്തിനായിട്ടാണ് എന്ന്, മനുഷ്യൻ എന്തു ന്യായീകരണം പറഞ്ഞാലും ദൈവത്തിൻെറ വചനത്തിനാണ് ശക്തിയും അധികാരവുമുള്ളത്. ധനികനും ദൈവഭക്തനുമായ ഇയ്യോബ് പറയുന്നത് "നിൻെറ പൊന്ന് പൊടിയിലും ഓഫീർ തങ്കം തോട്ടിലെ കല്ലിന്നിടയിലും ഇട്ടുകളക; അപ്പോൾ സർവ്വശക്തൻ നിനക്കു പൊന്നും നിനക്കു വെള്ളി വാളവും ആയിരിക്കും, അന്നു നീ സർവ്വശക്തനിൽ പ്രമോദിക്കും; ദൈവത്തിങ്കലേക്കു നിൻെറ മുഖം ഉയർത്തും നീ അവനോടു പ്രാർത്ഥിക്കും; അവൻ നിൻെറ പ്രാർത്ഥന കേൾക്കും" ഇയ്യോ. 22;24-27. "അപ്പോൾ" എന്നും "അന്നു" എന്നുമുള്ള പ്രയോഗം ശ്രദ്ധിക്കുക.

"അവർക്കുവേണ്ടി നീ കുളിച്ചു, കണ്ണിൽ മഷി എഴുതി, ആഭരണം അണിഞ്ഞു ഭംഗിയുള്ളോരു കട്ടിലിന്മേലിരുന്നു;...... അപ്പോൾ ഞാൻ (യഹോവ) കിഴവി ആയവൾ വ്യഭിചാരം ചെയ്യും ഇപ്പോൾ അവർ അവളോടും അവൾ അവരോടും പരസംഗം ചെയ്യും എന്നു പറഞ്ഞു" യെഹെ. 23:40-44. "നീ രക്താംബരം ധരിച്ചാലും പൊന്നാഭരണം അണിഞ്ഞാലും കണ്ണിൽ മഷി എഴുതിയാലും (rentest thy face with painting) വ്യർത്ഥമായി നിനക്കു സൗന്ദര്യം വരുത്തുന്നു. നിൻെറ ജാരന്മാർ നിന്നെ നിരസിച്ച് നിനക്ക് പ്രാണഹാനി വരുത്തുവാൻ നോക്കുന്നു.......എൻെറ പ്രാണൻ കുലപാതകന്മാരുടെ മുമ്പിൽ ക്ഷയിച്ചു പോകുന്നു എന്നുപറയുന്ന സീയോൻ പുത്രിയുടെ ശബ്ദം തന്നെ". യിരമ്യാ. 4:30-31.



"യഹോവ പിന്നെയും അരുളിച്ചെയ്തത് എന്തെന്നാൽ സീയോൻ പുത്രിമാർ നിഗളിച്ച് കഴുത്തു നീട്ടിയും എറികണ്ണിട്ടും കൊണ്ട് സഞ്ചരിക്കയും തത്തിത്തത്തി നടക്കുകയും കാൽകൊണ്ട് ചിലമ്പൊലി കേൾപ്പിക്കുകയും ചെയ്യുന്നു. ഇതു നിമിത്തം ഞാൻ സീയോൻ പുത്രിമാരുടെ നെറുകക്ക് ചൊറി പിടിപ്പിക്കും; യഹോവ അവരുടെ ഗുഹ്യപ്രദേശങ്ങളെ നഗ്നമാക്കും. അന്നു കർത്താവ് അവരുടെ കാൽ ചിലമ്പൊലികളുടെ അലങ്കാരം, അവരുടെ നെററിപ്പട്ടം, ചന്ദ്രക്കല, കാതില, കടകം, കവിണി, തലപ്പാവ്, കാൽത്തള, പട്ടുകച്ച, പരിമളപ്പെട്ടി, തകിട്ടുകൂട്, മോതിരം........എന്നിവ നീക്കിക്കളയും. അപ്പോൾ സുഗന്ധത്തിനു പകരം ദുർഗ്ഗന്ധവും അരക്കച്ചെക്കു പകരം കയറും പുരികുഴലിനു (തിരിപ്പൻ) പകരം കഷണ്ടിയും ഉടയാടക്കു പകരം രട്ടും സൗന്ദര്യത്തിനു പകരം കരിവാളിപ്പും (and burning instead of beauty) ഉണ്ടാകും. യെശയ്യ. 3:16-24.

"നിങ്ങളുടെ തലമുടികളുടെ പിന്നലുകളുടെയോ, സ്വർണ്ണാഭരണങ്ങളുടെയോ, വിശേഷ വസ്ത്രങ്ങളുടെയോ പുറമേയുള്ള മോടികൊണ്ടു നിങ്ങളെത്തന്നെ അലങ്കരിക്കരുത്"".1 പത്രോസ് 3:3 (റോമൻകത്തോലിക്ക ബൈബിൾ) "അപ്പോൾ പത്രോസ് വെള്ളിയും പൊന്നും എനിക്കില്ല. എനിക്കുള്ളതു നിനക്കു തരുന്നു; നസ്രായനായ യേശുവിൻെറ നാമത്തിൽ നടക്ക എന്നുപറഞ്ഞു" അ.പ്ര. 3:6.

"ആ സ്ത്രീ ധൂമ്രവർണ്ണവും കടുംചുവപ്പു നിറവുമുള്ള വസ്ത്രം ധരിച്ച് പൊന്നും രത്നവും മുത്തും അണിഞ്ഞവളായി തൻെറ വേശ്യാവൃത്തിയുടെ മ്ലേച്ഛതയും അശുദ്ധിയും നിറഞ്ഞ പൊൻ പാനപാത്രം കയ്യിൽ പിടിച്ചിരുന്നു. മർമ്മം മഹതിയാം ബാബിലോൺ; വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവ് എന്നൊരു പേർ അവളുടെ നെററിയിൽ എഴുതിയിട്ടുണ്ട്"" വെളി. 17:4.5.

ബാബിലോൺ നിവാസികളെ നോക്കി വിലപിക്കുന്നത് ശ്രദ്ധിക്കുമോ. "അയ്യോ, അയ്യോ, മഹാനഗരമേ, നേരിയ തുണിയും ധൂമ്രവർണ്ണവും കടുംചുവപ്പും ധരിച്ച് പൊന്നും രത്നവും മുത്തും അണിഞ്ഞവളെ ഇത്രവലിയ സമ്പത്ത് ഒരു മണിക്കൂർ കൊണ്ടു നശിച്ചു പോയല്ലോ എന്നു കരഞ്ഞു ദുഃഖിക്കും". വെളി. 18:16.

"അവർ യിശ്മായേല്യർ ആയിരുന്നതു കൊണ്ട് അവർക്ക് പൊൻകടുക്കൻ ഉണ്ടായിരുന്നു". (for they had golden earrings, because they were Ishmaelites) ന്യായാധി. 8:24.

മേൽ പ്രസ്താവിച്ചിരിക്കുന്ന വാക്യങ്ങളിൽ നിന്നും ഇതു ജാരന്മാരെ ആകർഷിക്കുന്നതിനുള്ള വേശ്യാ വേഷമാണെന്നും യിര. 4:30.31. യെഹെ. 23:40.41, വെളി. 17:4.5, ചുട്ടുകളകയത്രേ ഇതിൻെറ അവസാനമെന്നും വെളി. 17:16, 18:18 വ്യക്തമാകുന്നു.

"മാമോദീസാ സ്വീകരിക്കുന്ന സ്ത്രീപുരുഷന്മാർ മോതിരങ്ങൾ തുടങ്ങിയ എല്ലാ ആഭരണങ്ങളും നീക്കം ചെയ്തിരിക്കണം". ഉദ്ദായ കാനോൻ. പേജ്. 26.

ആഭരണം ധരിക്കുന്ന കാര്യത്തിൽ ന്യായീകരണവും വാശിയും പിടിക്കുന്ന ഉപദേഷ്ടാക്കന്മാരോടും ജനത്തോടും യഹോവയാം ദൈവം പറയുന്ന "വഴിയിൽ വച്ച് ഞാൻ നിന്നെ നശിപ്പിക്കാതിരിക്കേണ്ടതിന് ഞാൻ (യഹോവ) നിന്റെ നടുവിൽ നടക്കയില്ല. നിങ്ങൾ ദുശ്ശാഠ്യമുള്ള ജനമാകുന്നു; ഞാൻ ഒരു നിമിഷ നേരം നിന്റെ നടുവിൽ നടന്നാൽ നിന്നെ സംഹരിച്ചുകളയും. അതുകൊണ്ട് ഞാൻ നിന്നോട് എന്തുചെയ്യേണമെന്ന് അറിയേണ്ടതിന് നീ നിന്റെ ആഭരണം നീക്കികളക എന്നിങ്ങനെ യിസ്രായേൽ മക്കളോട് പറക എന്ന് യഹോവ മോശയോട് കല്പിച്ചിരുന്നു. അങ്ങനെ ഹോറേബ്പർവ്വതത്തിൽ തുടങ്ങി യിസ്രായേൽ മക്കൾ ആഭരണം ധരിച്ചില്ല."
പുറ. 33:3-6.

ഉല്പത്തി. 24:22-ാം വാക്യം പിടിച്ചുകൊണ്ട് അബ്രഹാമിന്റെ മകനായ യിസഹാക്കിന് ഭാര്യയായി തെരഞ്ഞെടുത്ത റിബേക്കക്കു മൂക്കുത്തിയും വളയും കൊടുത്തതിനാൽ വിശ്വാസികൾക്കും ആഭരണം ധരിക്കാമെന്നു വാദിക്കുന്നതു കേട്ടിട്ടുണ്ട്. അബ്രഹാം പിതാവാം ദൈവത്തിനും, യിസ്സഹാക്ക് പുത്രനായ ക്രിസ്തുവിനും ഏലയാസർ പരിശുദ്ധാത്മാവിനും റിബേക്കാ ക്രിസ്തുവിന്റെ മണവാട്ടിയാകുന്ന സഭക്കും നിഴലാണെന്നു പഠിപ്പിക്കുന്ന സമൂഹമെ ഏലയാസർ റിബേക്കക്കു നൽകിയ മൂക്കുത്തിയും വളകളും പരിശുദ്ധാത്മാവ് സഭയാം മണവാട്ടിക്ക് പകുത്തു കൊടുക്കുന്ന കൃപാവരങ്ങളാണെന്നു എന്തുകൊണ്ട് സമ്മതിച്ചു കൂടാ. 1 കൊരി. 12:8-11, എഫേ. 4:11.12.

ചിലർ "മാറത്തു പൊൻകച്ച കെട്ടിയവൻ" വെളി. 1:13 എന്നു ക്രിസ്തുവിനെപ്പററി പറഞ്ഞിരിക്കുന്നതു ആഭരണം ധരിക്കുന്നതിനുള്ള ഒരു ന്യായീകരണമായി ചൂണ്ടിക്കാണിക്കുന്നു. യോഹന്നാൻ ദർശനത്തിൽ തേജസ്കരണം പ്രാപിച്ച ക്രിസ്തുവിനെയാണ് കാണുന്നതു. കർത്താവ് നമ്മെ രക്ഷിച്ച് തേജസ്സുള്ളവരാക്കി തീർക്കേണ്ടതിനു "ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി" ഫിലി. 2:7. യെശയ്യാവ് ക്രിസ്തുവിനെ ദർശിക്കുന്നതു "അവനു രൂപഗുണമില്ല, കോമളത്വമില്ല, കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യമില്ല അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായും (acquainted with grief) ഇരുന്നു. യെശ. 53:2,3. ഇതായിരുന്നു ക്രിസ്തുവിന്റെ അനുഭവമെങ്കിൽ അവന്റെമണവാട്ടി ആയിരിക്കുന്ന സഭ ഡംഭത്തിനായുള്ള (യെഹെ. 7:20) ആഭരണങ്ങൾ അണിഞ്ഞു നിഗളിച്ചു നടക്കണമെന്നാണോ പഠിപ്പിക്കേണ്ടതു.



മറ്റൊരു വാദം പള്ളിയിൽ മോടിയുള്ള വസ്ത്രം ധരിച്ച് മോതിരമിട്ടും വരുന്ന മനുഷ്യനോടും മുഷിഞ്ഞ വസ്ത്രം ധരിച്ച് വരുന്ന ദരിദ്രനായ മനുഷ്യനോടും കാണിക്കുന്ന മുഖ പക്ഷത്തെ കുറിച്ചാണ്. യാക്കോ: 2:2. ഇവിടെ പള്ളി എന്നു മലയാളത്തിൽ കാണുന്നതു ഇംഗ്ലീഷിൽ assembly എന്ന പദമാണ്. assembly എന്ന പദത്തിന് കുറേ ആളുകൾ കൂടുന്ന കൂട്ടം എന്നേ അർത്ഥം ആകുന്നുള്ളു. ദേവാലയങ്ങളിൽ (ക്രൈസ്തവ) ധനികർക്കും ദരിദ്രർക്കും പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങൾ ഇല്ലല്ലോ. ആകയാൽ പള്ളി എന്ന വിവർത്തനം അശേഷം ശരിയായി തോന്നുന്നില്ല.

കേരളത്തിലുള്ള കുറേ ആളുകൾ ലോകത്തിലെമ്പാടുമുള്ള പെന്തെക്കോസ്തുകാർ ആഭരണം ധരിക്കുന്നു. അവർ ആരും സ്വർഗ്ഗത്തിൽ പോകുകയില്ലേ എന്നുള്ള ചോദ്യമാണു മററു ചിലർക്കുള്ളതു. വേദം എന്തു പറയുന്നു എന്നു ശ്രദ്ധിക്കുക. "അവനെ അറിഞ്ഞിരിക്കുന്നു എന്നു പറകയും അവന്റെ കല്പനകളെ പ്രമാണിക്കാതിരിക്കുകയും ചെയ്യുന്നവൻ കള്ളൻ ആകുന്നു; സത്യം അവനിലില്ല" 1 യോഹ. 2:4. യഹോവയാം ദൈവം ജലപ്രളയത്താൽ ലോകത്തെ ന്യായം വിധിച്ചപ്പോൾ എത്ര കുടുംബം രക്ഷപ്പെട്ടു. ഒരേ ഒരു കുടുംബം, നോഹയുടെ കുടുംബം മാത്രം എന്നതു ഓർക്കുമ്പോൾ ഈ ചോദ്യത്തിനു ലേശം പ്രസക്തിയില്ലെന്നു വരുന്നു. മാത്രവുമല്ല മിസ്രയിമിൽ നിന്നും രക്തത്തളിപ്പാചരിച്ച് രക്ഷപ്പെട്ടു യാത്ര ആരംഭിച്ച ആറുലക്ഷത്തിമൂവായിരത്തിഅഞ്ഞൂററിഅൻപതു പേരിൽ യോശുവയും കാലേബും ഒഴികെ എല്ലാം വാഗ്ദത്ത നാട്ടിൽ പ്രവേശിക്കാതെ മരുഭൂമിയിൽ പട്ടുപോയി എന്നു നാം അറിയുന്നു. അവർ യഹോവയോട് പൂർണ്ണമായി പററിനില്ലായ്ക കൊണ്ടുതന്നെയെന്നു സംഖ്യ. 32:11-ൽ നാം വായിക്കുന്നു. ആകയാൽ വെളിപ്പെടുത്തപ്പെട്ടു കിട്ടിയിരിക്കുന്ന ദൈവത്തിന്റെ വചനങ്ങൾ പൂർണ്ണമായി അനുസരിക്കുന്നവർ മാത്രമേ സ്വർഗ്ഗത്തിൽ പോകുകയുള്ളു എന്നു ധൈര്യമായി പഠിപ്പിക്കാം.

അമേരിക്കയിലും മററും സുവിശേഷ പ്രസംഗകരായ സ്ത്രീകൾ വളരെ വില കൂടിയ വസ്ത്രങ്ങൾ ധരിച്ച് വിലയേറിയ ആഭരണങ്ങൾ അണിഞ്ഞു തങ്ങൾ ധരിക്കുന്ന വസ്ത്രത്തിന്റെ നിറത്തിനൊത്ത കളർ മുഖത്തു പൂശിയാണ് പ്രസംഗങ്ങൾ നടത്തുന്നതു. അവരുടെ പ്രസംഗങ്ങൾ വളരെ ദൂരെയുള്ളവർ പോലും ടെലിവിഷനിൽ കൂടെ കാണുകയും കേൾക്കുകയും ചെയ്ത് ആത്മരക്ഷപ്രാപിക്കുകയും രോഗശാന്തി പ്രാപിക്കുകയും ചെയ്യാറുണ്ട്. മുൻപറഞ്ഞ വേഷധാരികളായ പ്രസംഗകർ സ്വർഗ്ഗത്തിൽ പോകുകയില്ലയോ എന്നു പലരും ചോദിച്ചിട്ടുണ്ട്. ആർക്കും ഉണ്ടാകാവുന്ന ഒരു സംശയമാണ് അതു. അതിനും ഉത്തരം തിരുവചനം തരുന്നു. യേശുവിനെ തള്ളിപ്പറകയും പ്രാകുകയും ആണ

യിടുകയും ചെയ്ത പത്രോസ് കോഴി കൂകുന്ന ശബ്ദം കേട്ടപ്പോൾ യേശു പറഞ്ഞ വാക്കുകൾ ഓർത്തു പൊട്ടിക്കരഞ്ഞു അനുതപിച്ചു. മത്താ, 26:73-75.

ബാരാക്കിന്റെ ക്ഷണം സ്വീകരിച്ച് ദൈവ ജനമായ യിസ്രായേലിനെ ശപിക്കുവാൻ ദൈവത്തിന്റെ നിരോധനം വകവയ്ക്കാതെ പുറപ്പെട്ട ബിലയാം യഹോവയുടെ ദൂതന്റെ വാളിൽ നിന്നും രക്ഷപ്പെട്ടതു് താൻ കയറി യാത്ര ചെയ്ത കഴുത നിമിത്തമായിരുന്നു എന്ന് തിരുവചനം പഠിച്ചിട്ടുള്ള ഏവർക്കും അറിവുള്ളതാണല്ലോ. സംഖ്യ. 22:23-31. ഇപ്രകാരം ചില കോഴിയേയും കഴുതയേയും മറ്റും പലരുടെയും രക്ഷക്കായി ദൈവം ഉപയോഗിച്ചു എന്നു വരാം. എന്നാൽ അവയെല്ലാം സ്വർഗ്ഗത്തിൽ പോകുമെന്ന് അർത്ഥമാക്കേണ്ട. "എന്നോട് കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു്. കർത്താവേ, കർത്താവേ, നിന്റെനാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവർത്തികൾ പ്രവർത്തിക്കുകയുംചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോട്, ഞാൻഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരെ, എന്നെ വിട്ടു പോകുവിൻ എന്ന് തീർത്തു് പറയും. മത്താ. 7:21-24. ഒരു കാലത്തു് യഥാർത്ഥമായ സത്യ വചനം അറിഞ്ഞു്, അനുഭവിച്ച് ദൈവം കരങ്ങളിൽ എടുത്തു് ഉപയോഗിച്ച വിശുദ്ധന്മാർ അനേകർ ദ്രവ്യാഗ്രഹികളായി ഉപദേശ സത്യങ്ങളെ കോട്ടിമാട്ടി അനേകരെ വഞ്ചിക്കുന്നു എന്നോർക്കുമ്പോൾ ദുഃഖമാണുണ്ടാകുന്നതു്. ദ്രവ്യാഗ്രഹത്തിൽ കുടുങ്ങി ദൈവ വചനത്തിൽ മായം ചേർക്കുന്ന അധർമ്മികളെ ദൈവം ഒരു നാളും അറിഞ്ഞിട്ടില്ല, എന്നെ വിട്ടുപോകുവിൻ എന്നു തീർത്തു പറയുന്ന ശബ്ദം എത്രഭയങ്കരം. ഇതുവായിക്കുന്ന സഹോദരങ്ങളേ നമുക്കാർക്കും ഇപ്രകാരം ഒരു ശബ്ദം കേൾക്കുവാൻ ഇടയാകരുതേ.

## ഭക്തന്മാരുടെ തെരഞ്ഞെടുപ്പ്

"വിശ്വാസത്താൽ മോശതാൻ വളർന്നപ്പോൾ പാപത്തിന്റെ തല്ക്കാല ഭോഗത്തേക്കാളും ദൈവജനത്തോടുകൂടെ കഷ്ടം അനുഭവിക്കുന്നതു തെരഞ്ഞെടുത്തു. പ്രതിഫലം നോക്കിയതു് കൊണ്ട് ഫറവോന്റെ പുത്രിയുടെ മകനെന്നു വിളിക്കപ്പെടുന്നതു നിരസിക്കുകയും മിസ്രയിമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനമെന്ന് എണ്ണുകയും ചെയ്തു. എബ്രാ. 11:24,25.



"മററുചിലർ ഏററവും നല്ലോരു ഉയിർത്തെഴുന്നേല്പു ലഭിക്കേണ്ടതിന് ഉദ്ധാരണം കൈക്കൊള്ളാതെ ഭേദ്യം ഏററു". എബ്രാ. 11:35. "ലോകം അവർക്കു യോഗ്യം ആയിരുന്നില്ല" എബ്രാ. 11:38.

"എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുതു്". അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഗലാ. 6:14.

"ലോകത്തെയും ലോകത്തിലുള്ളതിനേയും സ്നേഹിക്കരുതു്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നു എങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതു് എല്ലാം പിതാവിൽനിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു". 1 യോഹ. 2:15,16.

ഇതു വായിക്കുന്ന സഹോദരങ്ങളേ നാം ചുററുപാടുകളിൽ നോക്കിയാൽ ഈ ലോകമാകുന്ന വാരിധിയിൽ താണുപോകും. "വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക". എബ്രാ. 12:2.

"ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു. നിങ്ങൾ അവന്റെ കാൽച്ചുവടു പിൻതുടരുവാൻ ഒരു മാതൃക വെച്ചേച്ചുപോയിരിക്കുന്നു". 1 പത്രോ. 2:21. നമുക്ക് അവനെ അനുഗമിക്കാം, നമുക്കുള്ള ഓട്ടം തികക്കാം, കിരീടംപ്രാപിക്കാം

## ഒരു വാക്യംകൂടെ കുറിക്കുന്നു:—

"അനേകം ഇടയന്മാർ എന്റെ മുന്തിരിത്തോട്ടം നശിപ്പിക്കയും എന്റെ ഓഹരിയെ ചവിട്ടിക്കളകയും എന്റെ മനോഹരമായ ഓഹരിയെ ശൂന്യമരുഭൂമി ആക്കുകയും ചെയ്തിരിക്കുന്നു. ശൂന്യമായി തീർന്നതിനാൽ അവർ അതിനെ ശൂന്യമാക്കിയിരിക്കുന്നു. ആരും ശ്രദ്ധവെക്കായ്കയാൽ ദേശമൊക്കെയും ശൂന്യമായിപ്പോയിരിക്കുന്നു. യിരമ്യാ. 12:10,11.

ചിന്തിക്കു നിനക്കേതുവേണം

ദൈവത്തിന്റെ സാന്നിദ്ധ്യമോ

ആഭരണത്തിന്റെ ഭംഗിയോ.

**പാസ്ററർ. എം. ഏ. കുരുവിള,**
കുന്നിരിക്കൽ മനസ്സിൽ,
മാർത്താണ്ഡംകര പി ഓ.,
(Via) ഏനാത്ത്.

---

പയനീയർ പ്രസ്, പുനലൂർ.